preceding paragraph is permissible and is not in any way liable to be banned for prosecution.'" ഇങ്ങനെയാണെങ്കിലും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പോലീസ് ഉദ്യോഗസ്ഥൻമാർ പലവട്ടം റെയ്ഡ് നടത്തുകയും കേസ് എടുക്കുകയും ചെയ്യുന്നുണ്ട്. ആ നടപടികളം തുടരുന്നതാണ്. കാബറെ നടത്താതിരിക്കുന്നതിന് ഗവൺമെൻറിന് നിയമപരമായി ചെയ്യാൻ കഴിയുന്ന നടപടികളം സ്വീകരിക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : മന്ത്രിമാർതന്നെ ഇത്തരം സ്ഥലങ്ങളിലുള്ള സന്ദർശനം നിറുത്തണം. അതു തീരുമാനിക്കണം.

ശ്രീ. വയലാർ രവി : ഒരു മന്ത്രിയും സന്ദർശിച്ചിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവിടെവച്ച് ഏതെങ്കിലും മന്ത്രിമാരെ കണ്ടിട്ടുണ്ടെങ്കിൽ അവരുടെ പേരു പറഞ്ഞുതന്നാൽ തീർച്ചയായും നടപടി എടുക്കാം.

ശ്രീ. ഇ. കെ. നായനാർ : തീരുമാനമെടുക്കുമെങ്കിൽ തീർച്ചയായും ഞാൻ പറയാം.

## (10) ഏലം ബോർഡ്

ശ്രീ. കെ. കെ. തോമസ് : സർ, ഏലം എന്ന നാണ്യവിളയുടെ ഉന്നതിക്കുവേണ്ടി ദീർഘനാളുകളായി പ്രവർത്തിച്ചുവരുന്ന ഏലം ബോർഡ് പുതുതായി രൂപീകരിക്കുവാൻ പോകുന്ന സ്പൈസസ് ബോർഡിൽ ലയിപ്പിക്കാൻ കേന്ദ്ര വാണിജ്യവകുപ്പ് ശ്രമിച്ചുവരുന്നതായി അറിയുവാൻ കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തിൻെറ സമ്പദ്ഘടനയിൽ ഗണ്യമായ ഒരു സ്ഥാനം ഏലത്തിനുണ്ട്. തെന്നിന്ത്യയിലെ മൂന്നു സംസ്ഥാനങ്ങളിലായി രണ്ടേകാൽ ലക്ഷം ഏക്കർ സ്ഥലത്ത് ഏലം കൃഷിചെയ്തുവരുന്നു. അതിൽ കേരളത്തിലെ ഒന്നര ലക്ഷത്തോളം ഏക്കർ സ്ഥലത്തുനിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലം ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏലത്തിൻെറ 70 ശതമാനത്തോളം വരും. ഒരു ലക്ഷത്തോളം തൊഴിലാളികളും ഇരുപത്തയ്യായിരത്തോളം ചെറുകിട ഉൽപ്പാദകരും ഏലം കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. ഏലം, കൃഷിക്ക് പ്രതിസന്ധികളുണ്ടായപ്പോഴും ഏലത്തിനു വില കുറഞ്ഞപ്പോഴും കയറ്റുമതി രംഗത്ത് പ്രശ്നങ്ങൾ ഉണ്ടായപ്പോഴും ഏലം ബോർഡ് സ്തുത്യർഹമായ സേവനം നടത്തിയിട്ടുണ്ട്. മേലിലും ഒരു ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ സാമൂഹ്യമായ ഉന്നമനത്തിനും ചെറുകിടക്കാരായ ഉൽപ്പാദകരുടെ സഹായത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഏലം ബോർഡ് നിലനിറുത്തുന്നതിന് കേന്ദ്ര വാണിജ്യ വകുപ്പിൻെറ സഹായം ലഭിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശ്രമിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സുഗന്ധദ്രവ്യങ്ങളം സംഭരിക്കുന്നതിനുവേണ്ടി സുഗന്ധദ്രവ്യ സംഭരണ ബോർഡ് രൂപീകരിക്കുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ആ ബോർഡിൻെറ രൂപീകരണത്തോടുകൂടി കാർഡമം ബോർഡുകൂടി ലയിപ്പിച്ച് എല്ലാംകൂടി ചേർത്ത് ഒരു ബോർഡ് ആയി രൂപീകരിക്കുവാനുള്ള തീരുമാനം ഇൻഡ്യാ ഗവൺമെൻറ് എടുത്തിരിക്കുകയാണ്. അതിനെ തുടർന്ന് കാർഡമം ബോർഡിൽ ഇതിനെക്കുറിച്ച് ചർച്ച ഉണ്ടായി. ചർച്ചയുടെ തീരുമാനങ്ങളം കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അവിടെ നിന്നും കിട്ടിയ വിവരമനുസരിച്ച് റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് പോലെയും, കോഫി ബോർഡ് പോലെയും ഉൽപ്പാദനവും വിപണനവും ഫലപ്രദമാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള സഹായങ്ങളും ഉൾപ്പെടെയുള്ള സഹായങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബോർഡ് രൂപീകരിക്കുവാൻ പോകുന്നു എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് അതിൽ യാതൊരു ആശങ്കക്കും അവകാശമില്ല. ഏതായാലും കാർഡമം ഉൽപ്പാദകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഇന്നു നൽകിവരുന്ന സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങളും, പ്ലാന്റേഷനും മാർക്കറ്റിംഗിനും ഉള്ള സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പുതിയ ബോർഡിന് സംവിധാനം നൽകുന്നു എന്നാണ് സംസ്ഥാന ഗവൺമെന്റിനെ കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുള്ളത്. തുടർന്നും ആവശ്യമായ നടപടികളും സ്വീകരിക്കാം.

## (11) സഹകരണ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ഒ. ഭരതൻ : സർ, സഹകരണ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം ഏർപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട കമ്മീഷനി ഉണ്ടാക്കിയിട്ടുള്ള ടേംസ് ഓഫ് റഫറൻസിൽ ക്രെഡിറ്റ് മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ, സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ, സ്റ്റാഫ് പാറ്റേൺ എന്നിവ ഒഴിവാക്കിയിരിക്കുകയാണ്. എട്ടാം വകുപ്പ് നടപ്പിലാക്കാത്ത ഡയറി, ഹോസ്പിറ്റൽ, ഹോൾസെയിൽ തുടങ്ങിയ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള വേതന വർദ്ധനവും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. 1969-ൽ നടപ്പിലാക്കിയ സഹകരണ നിയമത്തിലെ ചില വ്യവസ്ഥകൾ പ്രകാരം മിനിമം വേതനംപോലും വ്യവസായ സഹകരണ സംഘങ്ങളിലും മറ്റും ജോലി ചെയ്യുന്ന ഇരുപതിനായിരത്തിൽപ്പരം ജീവനക്കാർക്ക് കൊടുക്കുവാൻ അനുവദിച്ചിട്ടില്ല. സഹകരണ രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ഹോൾസെയിൽസ്, ഹോസ്പിറ്റൽ, ഹൗസിംഗ് സംഘങ്ങൾ എന്നിവയെ ഒഴിവാക്കി, ക്രെഡിറ്റ് സംഘങ്ങളുടെ ശമ്പളം പരിഷ്കരിപ്പിക്കാൻ കമ്മീഷനി ഉണ്ടാക്കി. സംഘങ്ങളുടെ വളർച്ചയേയും വ്യാപ്തിയേയും കണക്കിലെടുത്ത് ക്ലാസിഫിക്കേഷനും സ്റ്റാഫ് പാറ്റേണും മാറ്റണം. മുഴുവൻ ജീവനക്കാർക്കും ബാധകമാകുന്ന വിധത്തിൽ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കേണ്ടതാണ്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സഹകരണ ജീവനക്കാർ പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഈ സമരങ്ങളും മറ്റും ഒഴിവാക്കി പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : ബഹുമാനപ്പെട്ട മെമ്പർ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, സഹകരണ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിതമായിട്ടുള്ള കമ്മീഷനിയുടെ ടേംസ് ഓഫ് റഫറൻസിൽ ക്രെഡിറ്റ് മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ, ക്ലാസിഫിക്കേഷൻ അതുപോലെതന്നെ സംഘങ്ങളുടെ സ്റ്റാഫ് പാറ്റേൺ തുടങ്ങിയവയും കൂടി ഉൾപ്പെടുത്തണമെന്നാണ്. സഹകരണ വകുപ്പിന്റെ കീഴിലുള്ള പ്രൈമറി സഹകരണ സംഘങ്ങളിലെ ജീവനക്കാർ 1-4-1984 മുതൽ ശമ്പള പരിഷ്കരണത്തിന് അർഹരാണ്. അതേസമയംതന്നെ 26-10-1984-ന് സഹകരണവകുപ്പ് സെക്രട്ടറി ചെയർമാനായും, മൂന്ന് അംഗീകൃത യൂണിയനുകളുടെ സെക്രട്ടറിമാരും സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ എം. ഡി. യും ജില്ലാ ബാങ്കിന്റെ ഒരു പ്രതിനിധിയും അംഗങ്ങളായും ഒരു കമ്മീഷനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മീഷനി 1-3-1985-ലും 31-6-1985-ലും



LIBRARY ARCHIVES Kerala Legislative Assembly